പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 3804 — 26.06.2012-ൽ മറുപടിക്ക്

## പൊതുമേഖലാ യൂണിറ്റുകളുടെ ഉൽപ്പാദന പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.എളമരം കരീം

(എ) മുൻ സർക്കാരിൻെറ കാലത്ത് സ്ഥാപിച്ച പുതിയ പൊതുമേഖലാ യൂണിറ്റുകളിൽ ഉൽപ്പാദന പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിൻെറ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ഉൽപ്പാദനം എന്നു മുതൽ ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ), (ബി) & (സി)

പുതിയതായി ആരംഭിച്ച പൊതുമേഖലാ വ്യവസായ യൂണിറ്റുകളിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിൻെറ യൂണിറ്റ് ഒഴികെ എല്ലാം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും മെഷിനറികളെല്ലാം സ്ഥാപിച്ച് സജ്ജമാക്കി വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കാനുള്ള നിലയിലാണ്. ഇവയിൽ സ്റ്റീൽ ആൻറ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൻെറ കീഴിലുള്ള ഷൊർണ്ണൂരിലെ മെഷിനിംഗ് യൂണിറ്റിലും, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻെറ കീഴിലുള്ള കോഴിക്കോട്ടെ ഹൈടെക് ബാംബൂ ടൈൽ ഫാക്ടറിയിലും, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെൻറ് കോർപ്പറേഷൻെറ കീഴിലുള്ള കോഴിക്കോട് ടൂൾ റൂം കം ട്രെയിനിംഗ് സെൻററിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റുകളിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ച് പൂർണ്ണമായ രീതിയിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

Ajithab

സെക്ഷൻ ഓഫീസർ